**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3953** **06-08-2021 - ൽ മറുപടിയ്ക്ക്**

**മറൈൻ ആംബുലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പുതിയതായി തുടങ്ങിയ മറൈൻ ആംബുലൻസിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ; | (എ) | ഓഖി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യ തൊഴിലാളികൾക്ക് അടിയന്തിര രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യവുമായിട്ടാണ് മറൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ഇത്തരത്തിലുള്ള എത്ര ആംബുലൻസുകൾ ഫിഷറീസ് വകുപ്പിന്റെ കൈവശം ഉണ്ട്; ഇവ കേരളത്തിലെ ഏത് തീരത്താണ് നങ്കൂരമിട്ടിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | 3 എണ്ണം. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് പ്രതീക്ഷ, എറണാകുളം ജില്ലയിൽ വൈപ്പിനിൽ പ്രത്യാശ, കോഴിക്കോട് ജില്ലയിൽ ബേപ്പൂരിൽ കാരുണ്യ എന്നിവയാണ് പ്രവർത്തിക്കുന്നത്. |
| (സി) | ഇതിന്റെ പ്രവർത്തനഫലമായി എത്ര അപകടങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ ജോലി ചെയ്യുന്നവർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ 28, കോഴിക്കോട് ജില്ലയിൽ 4, എറണാകുളം ജില്ലയിൽ 2 എന്നിങ്ങനെ ആകെ 34 സീ റെസ്ക്യൂ & സെർച്ച് ഓപ്പറേഷനുകൾ മറൈൻ ആംബുലൻസുകൾ മുഖേന നടത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേ ഷനിലെ പരിചയ സമ്പന്നരായ ക്രൂ അംഗങ്ങളാണ് മറൈൻ ആംബുലൻസ് പ്രവർത്തിപ്പിക്കുന്നത് എന്നതിനാൽ അവർക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ